**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2178** **30-07-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ രൂക്ഷമായ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി, കീരംപാറ, കവളങ്ങാട് തുടങ്ങിയ പഞ്ചായത്തുകളിലെ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തുകളിൽ വന്യജീവി ആക്രമണം മൂലം നാശം സംഭവിച്ച് നഷ്ടപരിഹാരത്തിനായി അപേക്ഷ ലഭിച്ചതിൻറെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കോട്ടപ്പടി, കുട്ടമ്പുഴ, പിണ്ടിമന എന്നീ പഞ്ചായത്തുകളിൽ വന്യമൃഗശല്യം കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ മൂലമുള്ള കൃഷി നാശവും വളർത്തുമൃഗങ്ങൾക്ക് നേരെയുള്ള ആക്രമണവും തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ വന പ്രദേശങ്ങളിലായി 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകളെ വിന്യസിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാകുന്നുമുണ്ട്. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത സസ്യങ്ങളുടെയും, കളകളുടെയും നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെയും, ചെക്ക് ഡാമുകളുടെയും നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18.05.2020-ലെ സ.ഉ. 111/2020/വനം, 11.01.2021 ലെ സ.ഉ. (സാധാ) നം. 5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ. (സാധാ) നം. 159/2021/വനം തീയതി 29.05.2021 പ്രകാരം മേൽ ഉത്തരവിന്റെ കാലാവധി 17.05.2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.നം. (കൈ)17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി റെയിൽ ഫെൻസിങ്ങും ട്രഞ്ചും ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ | (സി) | അടുത്ത 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്ന ഒരു ബൃഹത് കർമ്മ പദ്ധതി അടിയന്തിരമായി തയ്യാറാക്കുന്നതിന് ബഹു. വനം വകുപ്പ് മന്ത്രി നിർദ്ദേശം നൽകിയതിൻറെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ വനം ഡിവിഷനുകളും, വനം-വന്യജീവി സർക്കിളുകളും ടി പദ്ധതിയുടെ ഭാഗമായി വരുന്നതാണ്. |

സെക്ഷൻ ഓഫീസർ

| പഞ്ചായത്ത് / മുനിസിപ്പാലിറ്റി | 2018-19 | | 2019-20 | | 2020-21 | |
|---|---|---|---|---|---|---|
| | അപേക്ഷകൾ | അനുവദിച്ച തുക | അപേക്ഷകൾ | അനുവദിച്ച തുക | അപേക്ഷകൾ | അനുവദിച്ച തുക |
| കോതമംഗലം | 3 | 64077 | 6 | 49406 | 3 | 73153 |
| കോട്ടപ്പടി | 196 | 1490638 | 189 | 1618603 | 105 | 50245 |
| കുട്ടമ്പുഴ | 133 | 679983 | 159 | 1031367 | 207 | 376917 |
| പല്ലാരിമംഗലം | 1 | 79534 | 0 | 0 | 0 | 0 |
| പിണ്ടിമന | 20 | 105968 | 58 | 220590 | 27 | 13880 |
| വരാപ്പെട്ടി | 1 | 440 | 0 | 0 | 0 | 0 |
| കീരമ്പാറ | 0 | 0 | 3 | 0 | 5 | 0 |